# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1236** **10.08.2017-ന് മറുപടിയ്ക്ക്**

## ബൃഹത് വ്യവസായ സോൺ നിർമ്മാണം

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബൃഹത് വ്യവസായ സോൺ നിർമ്മാണത്തിന് മങ്കട വില്ലേജിൽപ്പെട്ട 690 ഏക്കർ ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ പോലും നടപ്പിലാക്കാൻ സാധിക്കാതെ പോയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(സി) പദ്ധതിയ്ക്കുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി കിൻഫ്രക്ക് അടിയന്തരമായി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽപ്പെട്ട കുമാരഗിരി എസ്റ്റേറ്റിലെ 690 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന് 2/3/2016-ലെ സ.ഉ.(കൈ) നം. 209/2016/റവ പ്രകാരം ഉത്തരവായിരുന്നു. ജില്ലാ തല വില നിർണ്ണയ കമ്മിറ്റി, ഭൂ ഉടമകളുമായി ഭൂമി വിലയിൽ തീരുമാനമായില്ല. മാത്രമല്ല പ്രസ്തുത സ്ഥലം മിക്കയിടത്തും ചെങ്കുത്തായ കയറ്റങ്ങളും ഇറക്കങ്ങളും ഉള്ള സ്ഥലമായതിനാലും, ഉപയോഗ യോഗ്യമാക്കുന്നതിന് വളരെയധികം തുക ആവശ്യമായി വരുന്നതിനാലും കൂടുതൽ വില നല്കി ഏറ്റെടുക്കുന്നത് ലാഭകരമാവില്ലയെന്ന് കിൻഫ്ര റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2/3/2016-ലെ സ.ഉ.(കൈ) നം. 209/2016/റവ പ്രകാരം മങ്കട വില്ലേജിലെ 690 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നല്കിയത് റദ്ദ് ചെയ്യണമെന്ന വ്യവസായ വകുപ്പിന്റെ അഭ്യർത്ഥന പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ